Mr. Speaker: No discussion can be allowed. Facts may be ascertained.

Sri. D. Gnanasigamoni: May I know whether there is any similar scheme anywhere in India?

Sri. T. K. Narayana Pillai: The hon'ble Member himself can make enquiries.

ആലുവാ ബസ്സ് സ്റ്റാൻഡ്

* ൭൪൨. (൨൩) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മാരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ ബസ്സ് സ്റ്റാൻറിൽനിന്നും ദിവസംതോറും പോകുന്നതും വരുന്നതുമായ ബസ്സുകൾ എത്ര;

(ബി) ആലുവായിൽ ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ, എന്നത്തേക്ക്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ട്മെൻറൽ ബസ്സുകൾ ൨൫. പ്രൈവറ്റ് ബസ്സുകൾ ൩൫

(ബി) ബസ്സ് സ്റ്റാൻഡ് ഉണ്ട്. വാടകസ്ഥലത്താണ്. ഡിപ്പാർട്ട്മെൻറ് വകയായിട്ടു ബസ്സ് സ്റ്റാൻഡ് ഉണ്ടാക്കുന്ന പദ്ധതി ഡിപ്പാർട്ടുമെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ഏതു സ്ഥലത്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം സംബന്ധമായിട്ട് കിട്ടാത്തതുകൊണ്ടാണ് ഉണ്ടാക്കാത്തത്. ആലുവായിൽ സർവ്വേ ൦ ൬/൫ ആയിൽ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി എ. മേത്തർ: ഈ സ്ഥലം റെയിൽവേ സ്റ്റേഷനടുത്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെന്നാണ് തോന്നുന്നത്.

ബസ്സ് ടിക്കറ്റുകൾ

* ൭൪൩. (൨൭) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബസ്സുകളിൽ യാത്രക്കാർക്ക് ടിക്കറ്റ് കൊടുക്കുന്ന സമ്പ്രദായം എങ്ങനെ;

(ബി) യാത്രക്കാർ ബസ്സിൽ കയറിയിരുന്നശേഷം കൊടുക്കുന്നതോ, കാലേക്കൂട്ടി ബുക്കിംഗ് ആഫീസിൽനിന്നും കൊടുക്കുന്നതോ സാധാരണ പതിവ്;

(സി) ആലുവാ സ്റ്റാൻറിൽ ഏതു സമ്പ്രദായമാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) യാത്രക്കാർ ബസ്സിൽ കയറിയതിനുശേഷവും അതിനുമുമ്പും ടിക്കറ്റുകൊടുക്കുക സാധാരണയാണ്. കാലേക്കൂട്ടി ബുക്കിങ് ആവശ്യപ്പെട്ടപ്പോൾ കൊടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly